# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2725 06/02/2018-ലെ മറുപടി

## നെയ്യാർ ജലസേചന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. ശിവകുമാർ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ) നെയ്യാർ ജലസേചന പദ്ധതി ഒരു സംസ്ഥാനാന്തര പദ്ധതിയായി കേന്ദ്ര ജലകമ്മീഷന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) കേന്ദ്ര ജലകമ്മീഷന്റെ വെബ് സൈറ്റിൽ നെയ്യാർ ജലസേചന പദ്ധതി ഒരു സംസ്ഥാനാന്തര പദ്ധതിയായി രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര ജലകമ്മീഷന്റെയും ഐ.എസ്.ആർ.ഒ.യുടെയും സംയുക്ത സംരംഭമായ India-WRIS.nrsc.gov.in എന്ന വെബ് സൈറ്റിൽ നെയ്യാർ സ്റ്റേജ് I & II മീഡിയം ഇറിഗേഷൻ പ്രോജക്ട് , നെയ്യാർ മീഡിയം ഇറിഗേഷൻ പ്രോജക്ട് , എന്നിവയുടെ വിവരണത്തിലാണ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. |
| ബി)ഉണ്ടെങ്കിൽ പ്രസ്തുത പിശക് തിരുത്തുന്നതിന് കേന്ദ്ര ജലവിഭവ സെക്രട്ടറിയ്ക്ക് കത്ത് അയച്ചിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ? | ബി) India-WRIS.nrsc.gov.in എന്ന വെബ് സൈറ്റിൽ നെയ്യാർ ജലസേചനപദ്ധതി , സംസ്ഥാനാന്തര (Interstate) പദ്ധതിയാണ് എന്ന് കാണിച്ചിരിക്കുന്നത് തെറ്റാണെന്നും , അതിനാൽ പ്രസ്തുത തെറ്റ് തിരുത്തണമെന്നും കാണിച്ച് 07/01/2016, 10/05/2016, 04/06/2016, 23/12/2016 എന്നീ തീയതികളിൽ കേന്ദ്ര ജലകമ്മീഷന്റെ (Central Water Commission) ചെയർമാന് കത്തുകളയച്ചിട്ടുണ്ട്. <br> വെബ് സൈറ്റിൽ തിരുത്ത് വരുത്താത്തതിനെ തുടർന്ന് ഈ വിഷയം ജലവിഭവ വകുപ്പ് മന്ത്രി |

04/10/2017 തീയതിയിലെ കത്തു മുഖേന കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരികയും നെയ്യാർ ഇറിഗേഷൻ പദ്ധതി ഒരു Interstate പദ്ധതി അല്ല എന്നും ആയത് Intrastate (സംസ്ഥാനത്തിനുള്ളിലുള്ള) പദ്ധതി ആണെന്നും ആയതിനാൽ വെബ് സൈറ്റിലെ വിവരങ്ങളിൽ തിരുത്ത് വരുത്തണമെന്നും ആവശ്യപ്പെടുകയുമുണ്ടായി.

SD

സെക്ഷൻ ഓഫീസർ